**പതിനഞ്ചാം കേരള നിയമസഭ**

**ബുള്ളറ്റിൻ ഭാഗം 2**

**2022 ഫെബ്രുവരി 19**

നം. 190

## കാലതാമസ പത്രികകൾ, വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ, ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രസ്താവന എന്നിവ ഡിജിറ്റലായി ലഭ്യമാക്കുന്നത് സംബന്ധിച്ച്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5), 236(6) എന്നിവയിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള കാലതാമസ പത്രികകൾ, വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ എന്നിവ സഭയുടെ മേശപ്പുറത്തു വച്ചു കഴിഞ്ഞാലുടൻ സഭയ്ക്കുള്ളിൽ സജ്ജീകരിച്ചിരിക്കുന്ന കമ്പ്യൂട്ടർ സംവിധാനത്തിലൂടെയും ഇ-നിയമസഭാ പോർട്ടലിലൂടെയും അവയുടെ ഡിജിറ്റൽ പകർപ്പ് ഇനിമുതൽ അംഗങ്ങൾക്ക് ലഭ്യമാക്കുന്നതാണ്

ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236 (3) അനുസരിച്ചുള്ള ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രസ്താവന സഭയുടെ മേശപ്പുറത്തു വച്ചു കഴിഞ്ഞാലുടൻ അവയുടെ ഡിജിറ്റൽ പകർപ്പ് സഭയ്ക്കുള്ളിൽ സജ്ജീകരിച്ചിരിക്കുന്ന കമ്പ്യൂട്ടർ സംവിധാനത്തിലൂടെയും ഇ-നിയമസഭാ പോർട്ടലിലൂടെയും അംഗങ്ങൾക്ക് ലഭ്യമാക്കുന്ന രീതി തുടരുന്നതാണ്

എസ്.വി. ഉണ്ണികൃഷ്ണൻ നായർ,

സെക്രട്ടറി